# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07.10.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. സാങ്കേതികമായി പുരോഗമി ച്ച, യുദ്ധസജ്ജമായ സേനയാ ക്കി സായുധ സേനയെ മാറ്റാനുള്ള പരിശ്രമത്തിലാണ് ഇന്ത്യയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu said that India is working to transform its armed forces into a technologically advanced and war-ready force.**

2. ഉപരാഷ്ട്രപതി സി.പി.രാധാകൃ ഷ്ണൻ ഇന്ന് പാർലമെ ന്റ് ഹൗസിൽ രാജ്യസഭയിലെ കക്ഷി നേതാക്കളുമായികൂടി ക്കാഴ്ച നടത്തി.

   **Vice President C.P. Radhakrishnan held a meeting with party leaders in the Rajya Sabha at Parliament House today.**

3. 24,634 കോടി രൂപയുടെ നാല് റെയിൽവേ പ ദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

   **The Union Cabinet approved four railway projects worth Rs 24,634 crore.**

4. ഈ വർഷത്തെ ഭൗതികശാസ്ത്ര നൊബേൽ പുരസ്കാരത്തിന് ജോൺ ക്ലാർക്ക്, മിഷേൽ ഡവോറെ, ജോൺ മാർട്ടിനിസ് എന്നിവർ അർഹരായി.

**John Clarke, Michel Davoret and John Martinis were awarded this year's Nobel Prize in Physics.**

5. ശബരിമല സ്വർണപ്പാളി വിഷയത്തിൽ കേരള നിയമസഭയിൽ തുടർച്ചയായ രണ്ടാം ദിവസവും പ്രതിപക്ഷ പ്രതിഷേധം. സഭ ഇന്നത്തേക്ക് പിരിഞ്ഞു.

**Opposition protests in the Kerala Assembly for the second consecutive day on the Sabarimala gold plating issue. The House was adjourned for today.**

6. ജൂഡോ ജൂനിയർ ലോക ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്കായി ആദ്യ മെഡൽ നേടി ചരിത്രം സൃഷ്ടിച്ച് ലിന്തോയ് ചനംബം.

**Linthoi Chanambam creates history by winning the first medal for India at the Judo Junior World Championship.**

## PREZ - ARMED FORCES

ഓപ്പറേഷൻ സിന്ദൂറിലൂടെ രാജ്യത്തിന്റെ സായുധ സേനകൾ ഐക്യത്തിൻറെയും തന്ത്രപരമായ ദീർഘവീക്ഷണത്തിന്റെയും ശക്തി പ്രകടിപ്പിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു. രാഷ്ട്രപതി ഭവനിൽ ഇന്ന് 65-ാമത് നാഷണൽ ഡിഫൻസ് കോളേജ് കോഴ്സിലെ ഫാക്കൽറ്റി, കോഴ്സ് അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഇന്റഗ്രേറ്റഡ് തിയേറ്റർ കമാൻഡുകളും ബാറ്റിൽ ഗ്രൂപ്പുകളും സ്ഥാപിച്ച് സേനയെ

പുനഃക്രമീകരിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് അവർ പറഞ്ഞു. സായുധ സേനയെ സാങ്കേതികമായി പുരോഗമിച്ച, യുദ്ധസജ്ജമായ സേനയാക്കി മാറ്റാനുള്ള പരിശ്രമത്തിലാണ് ഇന്ത്യയെന്നും രാഷ്ട്രപതി വ്യക്തമാക്കി.

## VICE PRESIDENT

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ഇന്ന് പാർലമെന്റ് ഹൗസിൽ രാജ്യസഭയിലെ കക്ഷി നേതാക്കളുമായി

കൂടിക്കാഴ്ച നടത്തി. രാജ്യസഭാ അധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹം നടത്തിയ ആദ്യ ഔപചാരിക കൂടിക്കാഴ്ചയാണിത്. അടുത്ത മാസം ആരംഭിക്കുന്ന പാർലമെൻറിൻറെ ശൈത്യകാല സമ്മേളനത്തിൽ സഭാനടപടികൾ സുഗമമാക്കുന്നതിൻറെ

മുന്നോടിയായിട്ടായിരുന്നു കൂടിക്കാഴ്ച. മന്ത്രിമാരായ ജെ.പി നഡ്ഡ, അർജുൻ റാം മേഘ്വാൾ, എൽ. മുരുഗൻ, പ്രതിപക്ഷ നേതാക്കളായ പ്രമോദ് തിവാരി, ജോൺ ബ്രിട്ടാസ്, തിരുച്ചി ശിവ, ഗോപാൽ യാദവ്, സഞ്ജയ് സിങ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## PM – MOBILE CONGRESS

ഇന്ത്യ മൊബൈൽ കോൺഗ്രസ് 2025 പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ടെലികോം-സാങ്കേതിക സമ്മേളനമായ ഇന്ത്യ മൊബൈൽ കോൺഗ്രസിൽ ആഗോള ടെലികോം കമ്പനികൾ, സംരംഭകർ, നയരൂപകർത്താക്കൾ എന്നിവർ പങ്കെടുക്കും.

## PM MAHARASHTRA

പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ മഹാരാഷ്ട്രയിലെത്തും. 19,650 കോടി രൂപ ചെലവിൽ നിർമിച്ച നവി മുംബൈ വിമാനത്താവളം ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. മുംബൈ മെട്രോ അക്വാ ലൈൻ രാഷ്ട്രത്തിന് സമർപ്പിക്കുന്ന പ്രധാനമന്ത്രി, 2 ബി ഘട്ടത്തിന്റെ ഉദ്ഘാടനവും നാളെ നിർവഹിക്കും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തുന്ന യുകെ പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി ശ്രീ മോദി മറ്റന്നാൾ മുംബൈയിൽ കൂടിക്കാഴ്ച നടത്തും.

## RAJNATH – DEFENCE SECTOR (INTRO)

2029 ഓടെ മൂന്ന് ലക്ഷം കോടി രൂപയുടെ പ്രതിരോധ ഉൽപാദനവും 50,000 കോടി രൂപയുടെ പ്രതിരോധ കയറ്റുമതിയും കൈവരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ പ്രതിരോധ ഉൽപാദനത്തിലെ അവസരങ്ങളെക്കുറിച്ചുള്ള സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പ്രതിരോധ മേഖലയിൽ രാജ്യത്തിന്റെ സ്വാശ്രയത്വം നയങ്ങൾക്കും പ്രഖ്യാപനങ്ങൾക്കും അപ്പുറം പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നും ആധുനിക യുദ്ധങ്ങൾ സാങ്കേതികവിദ്യ അധിഷ്ഠിതമാകുകയാണെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

(ഹോൾഡ്)

## CABINET DECISIONS

24,634 കോടി രൂപയുടെ നാല് റെയിൽവേ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭാ സാമ്പത്തിക കാര്യ സമിതി അംഗീകാരം നൽകി. ആയിരത്തി 619 കിലോമീറ്റർ ദൈർഘ്യമുള്ള പദ്ധതികൾക്കാണ് അംഗീകാരം നൽകിയിരിക്കുന്നതെന്ന് ന്യൂഡൽഹിയിൽ ഇന്ന് മന്ത്രിസഭാ യോഗത്തിന് ശേഷം മാധ്യമങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. 85 ലക്ഷത്തിലധികം ജനസംഖ്യയുള്ള ഏകദേശം മൂവായിരത്തി 633 ഗ്രാമങ്ങളിലേക്കുള്ള കണക്ടിവിറ്റി വർധിപ്പിക്കുന്നതാണ് പദ്ധതിയെന്ന് അദ്ദേഹം വ്യക്തമാക്കി.

## GLOBAL FINTECH FEST

ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിന് മുംബൈയിൽ തുടക്കമായി. AI മിഷനിലൂടെ നിർമിത ബുദ്ധി രംഗത്ത് അഗോളതലത്തിൽ ഇന്ത്യ നിർണായക ചുവടുവെച്ചതായി കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. നേരിട്ടുള്ള ആനുകൂല്യ കൈമാറ്റത്തിലൂടെ 4.31 ലക്ഷം കോടി രൂപയുടെ ലാഭം ഉണ്ടായതായും സർക്കാർ സഹായങ്ങൾ അർഹതപ്പെട്ടവരുടെ കൈകളിലേക്ക് തന്നെ എത്തിക്കാൻ ഇതിലൂടെ സാധിക്കുന്നതായും മന്ത്രി വ്യക്തമാക്കി.

## BIHAR POLITICAL

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള തീയതികൾ പ്രഖ്യാപിച്ചതോടെ സംസ്ഥാനത്തെ ഭരണ-പ്രതിപക്ഷ സഖ്യങ്ങൾ സീറ്റ് വിഭജന ചർച്ചകൾ ഊർജ്ജിതമാക്കി.

സീറ്റ് വിഭജനം സംബന്ധിച്ച് ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ അന്തിമ തീരുമാനം എടുക്കുമെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ് ഡോ. ദിലീപ് ജയ്സ്വാൾ അറിയിച്ചു. രാഷ്ട്രീയ ജനതാദളും കോൺഗ്രസും നയിക്കുന്ന പ്രതിപക്ഷ മഹാസഖ്യത്തിലും സീറ്റ് വിഭജനത്തെക്കുറിച്ചുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. 121 നിയമസഭാ മണ്ഡലങ്ങളിലാണ് ആദ്യ ഘട്ട തിരഞ്ഞെടുപ്പ് നടക്കുന്നത്. ഈ മാസം 10 മുതൽ നാമനിർദ്ദേശ പത്രിക സ്വീകരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## NOBEL-PHYSICS

ഈ വർഷത്തെ ഭൗതികശാസ്ത്ര നൊബേൽ പുരസ്കാരം പ്രഖ്യാപിച്ചു. ജോൺ ക്ലാർക്ക് മിഷേൽ, എച്ച്.ഡവോറെ, ജോൺ എം.മാർട്ടിനിസ് എന്നിവരാണ് പുരസ്കാരത്തിന് അർഹരായത്. ക്വാണ്ടം ഭൗതികശാസ്ത്രത്തെ ചിപ്പ് ഉപയോഗിച്ച് പ്രവർത്തനക്ഷമമാക്കിയ വിപ്ലവകരമായ പരീക്ഷണങ്ങൾക്കാണ് ഈ മൂന്ന് അമേരിക്കൻ ശാസ്ത്രജ്ഞർ നോബൽ സമ്മാനത്തിന് അർഹരായത്. ക്വാണ്ടം ഇഫക്റ്റുകൾ ഒരു മാക്രോസ്കോപ്പിക് സ്കെയിലിൽ നിലനിൽക്കുമെന്ന് ഇവരുടെ കണ്ടെത്തൽ സ്ഥിരീകരിക്കുന്നു. റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസസ് ഇവർക്ക് 11 ദശലക്ഷം സ്വീഡിഷ് ക്രോണർ സമ്മാനം നൽകും.

❁❁❁❁❁❁❁❁❁❁❁❁❁

## POE CONCLAVE (INTRO)

വിദേശത്തേക്ക് അനധികൃത റിക്രൂട്ട്മെൻറ് നടത്തുന്ന ഏജൻസികളെ നിയന്ത്രിക്കാനായി കേരളത്തിൽ നടത്തിയ ഓപ്പറേഷൻ മൈഗ്രൻറ് ഷീൽഡ് മാതൃകയാകുന്നതായി വിദേശകാര്യ മന്ത്രാലയം സെക്രട്ടറി അരുൺകുമാർ ചാറ്റർജി.

സുരക്ഷിത കുടിയേറ്റം സംബന്ധിച്ച് തിരുവനന്തപുരത്ത് നടത്തിയ ശിൽപ്പശാലയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്റ്റിതി എം പള്ളുരുത്തി..**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## CENTRE – NDRF

അഗ്നിശമന സേനകളുടെ വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനുമായി ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഹരിയാന, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾക്ക് 903 കോടിയിലധികം രൂപ അനുവദിച്ച് കേന്ദ്ര സർക്കാർ. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയാണ് സഹായം അനുവദിച്ചത്. 2024-ൽ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും നാശനഷ്ടമുണ്ടായ അസമിനും ഗുജറാത്തിനും എൻഡിആർഎഫിൽ നിന്ന് 707 കോടിയിലധികം രൂപയുടെ കേന്ദ്ര സഹായവും ലഭിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## NIYAMASABHA

ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിൽ കേരള നിയമസഭയിൽ തുടർച്ചയായ രണ്ടാം ദിവസവും പ്രതിപക്ഷ പ്രതിഷേധം. നടപടികൾ വേഗത്തിൽ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു. സ്വർണ്ണപ്പാളി വിഷയം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണെന്ന് സ്പീക്കർ വ്യക്തമാക്കിയെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ, നടപടികൾ പൂർത്തിയാക്കി സഭ ഇന്നത്തേക്ക്

പിരിയുകയായിരുന്നു. പ്രതിപക്ഷ ബഹളത്തിനിടെ വിവിധ ബില്ലുകൾ സഭ പാസ്സാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## **VEENA GEORGE**

തമിഴ്നാട് കാഞ്ചിപുരത്ത് പ്രവർത്തിക്കുന്ന ശ്രീശൻ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ തമിഴ്നാട് ഡ്രഗ്സ് കൺട്രോളർ എടുത്ത സാഹചര്യത്തിൽ, ഈ കമ്പനിയുടെ എല്ലാ മരുന്നുകളുടെയും വിതരണം കേരളത്തിൽ നിർത്തിവച്ചതായി മന്ത്രി വീണാ ജോർജ്. ഗുജറാത്തിലെ റെഡ്-നക്സ് ഫാർമസ്യൂട്ടിക്കൽസ് നിർമ്മിച്ച റെസ്പി-ഫ്രഷ് എന്ന മരുന്നിൻറെ വിതരണവും സംസ്ഥാനത്ത് അടിയന്തരമായി നിർത്തിവയ്പിച്ചു. ഈ മരുന്ന് വിൽപന നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. മരുന്ന് കൈവശമുള്ളവർ ഇത് ഉപയോഗിക്കരുതെന്നും മന്ത്രി അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## **MOHANLAL**

ദാദാസാഹേബ് ഫാൽക്കെ പുരസ്കാര ജേതാവായ നടൻ മോഹൻലാലിനെ ആദരിച്ച് ഇന്ത്യൻ കരസേന. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയാണ് ടെറിറ്റോറിയൽ ആർമി ലെഫ്റ്റനൻറ് കേണൽ കൂടിയായ ശ്രീ.മോഹൻലാലിനെ ആദരിച്ചത്. സമൂഹത്തിനും സേനയ്ക്കും നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ആദരം.

❁❁❁❁❁❁❁❁❁❁❁❁❁

## JUDO JUNIOR WORLD CHAMPIONSHIP

ജൂഡോ ജൂനിയർ ലോക ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്കായി ആദ്യ മെഡൽ നേടി ചരിത്രം സൃഷ്ടിച്ച് ലിന്തോയ് ചനംബം. പെറുവിലെ ലിമയിൽ ഇന്ന് നടന്ന വനിതകളുടെ 63 കിലോഗ്രാം വിഭാഗത്തിൽ നെതർലൻഡ്സ് താരത്തെ പരാജയപ്പെടുത്തിയാണ് 19 കാരിയായ

ചനംബം വെങ്കല മെഡൽ നേടിയത്.